

എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

73. പ്രവാചകാ, സത്യനിഷേധികൾ നിന്നെ കുഴപ്പത്തിലാക്കി, നാം അയച്ച ദിവ്യസന്ദേശത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട്. നാം അയച്ചതല്ലാത്ത സന്ദേശം നീ നമ്മുടെ പേരിൽ കെട്ടിച്ചമക്കുന്നതിനു വേണ്ടി. അങ്ങനെ ചെയ്താൽ തീർച്ചയായും അവർ നിന്നെ ഉറ്റമിത്രമായി സ്വീകരിച്ചുകൊള്ളും.

وَإِن كَادُوا۟ لَيَفْتِنُونَكَ عَنِ ٱلَّذِىٓ أَوْحَيْنَآ إِلَيْكَ لِتَفْتَرِىَ عَلَيْنَا غَيْرَهُۥ ۖ وَإِذًا لَّٱتَّخَذُوكَ خَلِيلًا ﴿٧٣﴾

74. നാം ഉറപ്പിച്ചുനിർത്തിയിട്ടില്ലായിരുന്നുവെങ്കിൽ നീ അൽപമൊന്ന് അവരിലേക്ക് ചാഞ്ഞുപോവുക വിദൂരമായിരുന്നില്ല.

وَلَوْلَآ أَن ثَبَّتْنَٰكَ لَقَدْ كِدتَّ تَرْكَنُ إِلَيْهِمْ شَيْـًٔا قَلِيلًا ﴿٧٤﴾

75. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ ഇഹത്തിൽ തന്നെ നാം നിന്നെ ഇരട്ടി പീഡനമനുഭവിപ്പിക്കുമായിരുന്നു. പരലോകത്തും ഇരട്ടി ശിക്ഷ അനുഭവിപ്പിക്കും. പിന്നെ, നമുക്കെതിരെ ഒരു സഹായിയെയും നിനക്കു ലഭിക്കുകയില്ല.

إِذًا لَّأَذَقْنَٰكَ ضِعْفَ ٱلْحَيَوٰةِ وَضِعْفَ ٱلْمَمَاتِ ثُمَّ لَا تَجِدُ لَكَ عَلَيْنَا نَصِيرًا ﴿٧٥﴾

76. ഈ നാട്ടിൽ നിന്റെ ചുവടിളക്കി നിന്നെ ഇവിടെനിന്ന് പുറംതള്ളാനും അവർ കിണഞ്ഞു ശ്രമിക്കുന്നുണ്ട്. എന്നാൽ, അതു നടന്നാൽ പിന്നെ നിനക്കു പിന്നിൽ അവരും അധികകാലമൊന്നും അവിടെ വസിക്കാൻ പോകുന്നില്ല.

وَإِن كَادُوا۟ لَيَسْتَفِزُّونَكَ مِنَ ٱلْأَرْضِ لِيُخْرِجُوكَ مِنْهَا ۖ وَإِذًا لَّا يَلْبَثُونَ خِلَٰفَكَ إِلَّا قَلِيلًا ﴿٧٦﴾

77. നിനക്കു മുമ്പ് നാം അയച്ചിട്ടുള്ള ദൈവദൂതന്മാരിൽ പുലർന്നുപോന്ന സ്ഥിരം നിയമ ക്രമമാണത്. നമ്മുടെ നിയമക്രമത്തിൽ യാതൊരു മാറ്റവും നീ കാണുന്നതല്ല.

سُنَّةَ مَن قَدْ أَرْسَلْنَا قَبْلَكَ مِن رُّسُلِنَا ۖ وَلَا تَجِدُ لِسُنَّتِنَا تَحْوِيلًا ﴿٧٧﴾

78. പ്രവാചകാ, സൂര്യൻ പടിഞ്ഞാട്ടു ചരിയുന്നതു മുതൽ രാവിരുട്ടുന്നതുവരെ നമസ്കാരം പതിവായനുഷ്ഠിക്കുക. പുലർകാല ഖുർആൻ പാരായണവും പതിവാക്കുക. പുലർകാല ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു.

أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ ۖ إِنَّ قُرْءَانَ ٱلْفَجْرِ كَانَ مَشْهُودًا ﴿٧٨﴾

وَإِن كَادُوا۟ = അവർ (സത്യനിഷേധികൾ) തീർച്ചയായും ആവാറായി, അടുത്തു(കിണഞ്ഞു ശ്രമിക്കുന്നുണ്ട്)
لَيَفْتِنُونَكَ = അവർ നിന്നെ പരീക്ഷണത്തിലാക്കാൻ (കുഴപ്പത്തിലാക്കി വ്യതിചലിപ്പിക്കാൻ)
عَنِ ٱلَّذِىٓ أَوْحَيْنَآ إِلَيْكَ = നാം നിന്നിലേക്ക് അയച്ച ദിവ്യസന്ദേശത്തിൽനിന്ന്
لِتَفْتَرِىَ عَلَيْنَا = നമ്മുടെ മേൽ(പേരിൽ) നീ കെട്ടിച്ചമക്കൽ غَيْرَهُۥ ۖ = അതല്ലാത്തത് (നാം അയച്ചതല്ലാത്ത സന്ദേശം)
وَإِذًا = അപ്പോൾ(അങ്ങനെ ചെയ്താൽ) لَّٱتَّخَذُوكَ = തീർച്ചയായും അവർ നിന്നെ സ്വീകരിച്ചു(കൊള്ളും)
خَلِيلًا = ഉറ്റമിത്രമായിട്ട് وَلَوْلَآ أَن ثَبَّتْنَٰكَ = നാം നിന്നെ സ്ഥിരമാക്കി(ഉറപ്പിച്ചുനിർത്തി)യിട്ടില്ലായിരുന്നുവെങ്കിൽ
لَقَدْ كِدتَّ تَرْكَنُ = തീർച്ചയായും നീ ചായാറായിരുന്നു(ചാഞ്ഞുപോവുക വിദൂരമായിരുന്നില്ല) إِلَيْهِمْ = അവരിലേക്ക്
شَيْـًٔا قَلِيلًا = കുറഞ്ഞ വസ്തു(അൽപമൊന്ന്) إِذًا = എങ്കിൽ, അപ്പോൾ(അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ)
لَّأَذَقْنَٰكَ = നിന്നെ നാം അനുഭവിപ്പിക്കുമായിരുന്നു ضِعْفَ ٱلْحَيَوٰةِ = (ഈ) ജീവിതത്തിൽ (തന്നെ) ഇരട്ടി(പീഡനം)
وَضِعْفَ ٱلْمَمَاتِ = മരണത്തിലും (പരലോകത്തും) ഇരട്ടി (ശിക്ഷയനുഭവിപ്പിക്കും)
ثُمَّ لَا تَجِدُ = പിന്നെ നീ കാണുകയില്ല (ലഭിക്കുകയില്ല) لَكَ = നിനക്ക് عَلَيْنَا = നമ്മുടെ മേൽ (നമുക്കെതിരെ)
نَصِيرًا = ഒരു സഹായിയെയും
وَإِن كَادُوا۟ لَيَسْتَفِزُّونَكَ = അവർ നിന്നെ ഇളക്കാറായി(നിന്റെ ചുവട്, പാദം ഇളക്കാനും കിണഞ്ഞു ശ്രമിക്കുന്നുണ്ട്)
مِنَ ٱلْأَرْضِ = ഭൂമിയിൽനിന്ന് (ഈ നാട്ടിൽനിന്ന്) لِيُخْرِجُوكَ مِنْهَا ۖ = അവർ നിന്നെ ഇവിടെ നിന്നും പുറംതള്ളാൻ
وَإِذًا = അപ്പോൾ (അതുനടന്നാൽ) لَّا يَلْبَثُونَ = അവർ(രും) താമസിക്കുകയില്ല خِلَٰفَكَ = നിനക്കു പിന്നിൽ
إِلَّا قَلِيلًا = അൽപമല്ലാതെ (അധിക കാലമൊന്നും) سُنَّةَ = ചര്യയായ നിലയിൽ (സ്ഥിരം പുലർന്നുപോന്ന ക്രമമാണിത്)
مَن قَدْ أَرْسَلْنَا = നാം അയച്ചിട്ടുള്ളവരുടെ (ദൂതന്മാരിൽ) قَبْلَكَ = നിനക്കുമുമ്പ് مِن رُّسُلِنَا ۖ = നമ്മുടെ ദൂതന്മാരാൽ
وَلَا تَجِدُ = നീ കാണുന്നതല്ല لِسُنَّتِنَا = നമ്മുടെ നിയമക്രമത്തിൽ تَحْوِيلًا = യാതൊരു മാറ്റത്തെ(യും)
أَقِمِ = (പ്രവാചകാ) നീ നിലനിർത്തു(പതിവാക്കു)ക ٱلصَّلَوٰةَ = നമസ്കാരം
لِدُلُوكِ ٱلشَّمْسِ = സൂര്യൻ (പടിഞ്ഞാട്ടു) ചരിയുന്നതിന്ന്(തു മുതൽ)
إِلَىٰ غَسَقِ ٱلَّيْلِ = രാവിന്റെ ഇരുട്ടിലേക്ക് (രാവിരുട്ടുന്നതുവരെയുള്ള സമയങ്ങളിൽ)
وَقُرْءَانَ ٱلْفَجْرِ ۖ = പുലർകാലത്തിന്റെ ഖുർആൻ പാരായണവും(പതിവാക്കുക)
إِنَّ قُرْءَانَ ٱلْفَجْرِ = തീർച്ചയായും പുലർകാലത്തിന്റെ ഖുർആൻ പാരായണം
كَانَ مَشْهُودًا = സാക്ഷ്യം വഹിക്കപ്പെടുന്നത് ആയി(രിക്കുന്നു)

**73–75.** فتنة യിൽനിന്നുള്ള വർത്തമാന ബഹുവചന ക്രിയാ രൂപമാണ് يفتنون. നേരത്തെ 2:191–ന്റെ വിശദീകരണത്തിൽ ഈ പദത്തിന്റെ അർഥം വിശദീകരിച്ചിരിക്കുന്നു. ഇവിടെ يفتنوك ഉപയോഗിച്ചിരിക്കുന്നത് തെറ്റിക്കുക–يصرفونك–എന്ന അർഥത്തിലാണ്. ഉറ്റമിത്രവും സഖാവും കാമുകനുമൊക്കെയാണ് خَلِيلًا. ജീവിതത്തിന്റെ ഇരട്ടിയും മരണത്തിന്റെ ഇരട്ടിയും എന്നാണ് ضِعْفَ ٱلْحَيَوٰةِ وَضِعْفَ ٱلْمَمَاتِ യുടെ വാക്യാർഥം. ഈ രണ്ട് വാക്കുകളിലും عذاب എന്ന അനുക്തമായ ഒരു പദമുണ്ട്. ضعف عذاب الحيات وضعف عذاب الممات എന്നാണ് പൂർണ രൂപം.

ഈ സൂക്തങ്ങളുടെ സംബോധിതൻ ഖുറൈശികളുടെ കടുത്ത എതിർപ്പു നേരിടുന്ന പ്രവാചകനാണെങ്കിലും, അദ്ദേഹം മുഖേന എല്ലാ ഇസ്‌ലാമിക പ്രബോധകരോടും പ്രതിലോമ ശക്തികൾക്ക് മുമ്പിൽ ഉറച്ചു നിൽക്കണമെന്നും ആദർശ വിഷയത്തിൽ ഒരു വിട്ടുവീഴ്ചക്കും തയാറാവരുതെന്നും അഥവാ തയാറായാൽ അവർ ഇഹത്തിലും പരത്തിലും ഇരട്ടി ശിക്ഷക്കർഹരാകുമെന്നും ഉണർത്തിയിരിക്കുകയാണ്. പ്രവാചകനെ പരാജയപ്പെടുത്താൻ മക്കയിലെ അവിശ്വാസികൾ പല രീതിയിലുള്ള തന്ത്രങ്ങൾ അവലംബിച്ചിരുന്നു. ആക്ഷേപശകാരങ്ങളിലൂടെയും അപവാദ പ്രചാരണങ്ങളിലൂടെയും ജനങ്ങളെ അദ്ദേഹത്തിൽനിന്നകറ്റാനുള്ള ശ്രമം ഒരു വശത്ത്. മർദന പീഡനങ്ങളിലൂടെയും ഭീഷണികളിലൂടെയും നിൽക്കക്കള്ളിയില്ലാതാക്കി നാട്ടിൽനിന്ന് അദ്ദേഹത്തെ ഓടിക്കാനുള്ള ശ്രമം മറുവശത്ത്. പ്രവാചകനെ കൊന്നുകളയുന്നതിനെക്കുറിച്ചായിരുന്നു ചിലരുടെ ചിന്ത. പ്രീണിപ്പിച്ചും പ്രലോഭിപ്പിച്ചും ആദർശത്തിൽ മായം ചേർത്തും തങ്ങളുമായി അദ്ദേഹത്തെ സമീകരിക്കാനും കൊണ്ടുപിടിച്ച ശ്രമമുണ്ടായിരുന്നു. മുഹമ്മദ് വിഗ്രഹാരാധന നടത്തുന്നില്ലെങ്കിൽ വേണ്ട. അവക്കും ചില ദിവ്യശക്തികളൊക്കെ ഉണ്ടെന്ന് സമ്മതിച്ചാൽ മതി. അതുമില്ലെങ്കിൽ ചുരുങ്ങിയ പക്ഷം വിഗ്രഹാരാധനക്കെതിരെ ജനങ്ങളെ പ്രബോധനം ചെയ്യുന്നതെങ്കിലും അവസാനിപ്പിക്കണം. അതുപോലെ, ഇസ്‌ലാമിന്റെ ഇന്നയിന്ന നിയമങ്ങളിലൊക്കെ ചില മാറ്റങ്ങൾ വരുത്തുകയും

ചെയ്യണം. എങ്കിൽ ഞങ്ങളെല്ലാവരും താങ്കളുടെ ശിഷ്യന്മാരായിക്കൊള്ളാം, നമ്മൾ തമ്മിലുള്ള ശത്രുതയും സംഘട്ടനവും അതോടെ അവസാനിക്കുമല്ലോ. നമ്മളെല്ലാവരും ഒരേ ആദർശക്കാരാവുകയും ചെയ്യും. താങ്കൾ വളരെ നല്ലവനും വിജ്ഞനും നേതൃത്വ ഗുണങ്ങളുള്ളവനുമാണെന്ന് ഞങ്ങൾക്ക് നന്നായറിയാം. എങ്കിലും പരമ്പരാഗതമായി ഞങ്ങൾ കാത്തുസൂക്ഷിച്ചുപോരുന്ന വിശ്വാസങ്ങളും ആചാരങ്ങളും അപ്പടി അസത്യവും അധർമവുമാണെന്നു പറഞ്ഞാൽ സമ്മതിച്ചുതരാൻ കഴിയുമോ? അതുകൊണ്ട് താങ്കൾ കുറച്ചൊക്കെ ഞങ്ങളുടെ മതം അംഗീകരിക്കുക. താങ്കളവതരിപ്പിക്കുന്ന വേദവചനങ്ങളിലും അനുശാസനങ്ങളിലും ചില മാറ്റങ്ങൾ വരുത്തുകയേ വേണ്ടൂ. നമ്മൾ തമ്മിലുള്ള വിരോധവും സംഘട്ടനവും അവസാനിപ്പിക്കാം. നമുക്ക് സ്നേഹത്തോടെ, സൗഹാർദത്തോടെ, ഒറ്റ സമുദായമായി കഴിയാം. ഈ പ്രലോഭനം പ്രവാചകനെ കടുത്ത മനസ്സംഘർഷത്തിലകപ്പെടുത്തിയിരുന്നു. ഒരു വശത്ത് തനിക്ക് വള്ളിപുള്ളി വ്യത്യാസപ്പെടുത്താൻ പഴുതില്ലാത്ത ദൈവിക വചനങ്ങളും വിധികളും. മറുവശത്ത് ജനങ്ങൾ സത്യവിശ്വാസം കൈക്കൊള്ളാനുള്ള അവസരം പാഴായിപ്പോകരുതെന്നതിലുള്ള ഉൽക്കടമായ ഉത്കണ്ഠ. ഈ അവസരത്തിൽ അവർക്ക് അൽപം വഴങ്ങി കൊടുത്താലെന്താ എന്ന് പ്രവാചകൻ ചിന്തിച്ചു പോകേണ്ടതായിരുന്നു. അത്തരം ചിന്തകൾക്ക് വിധേയനാകാതെ അല്ലാഹു അദ്ദേഹത്തെ ആദർശത്തിൽ ഉറപ്പിച്ചു നിർത്തി. ആദർശസ്ഥിരതയില്ലാതെ അവരുടെ പ്രലോഭനത്തിൽ വീണുപോയിരുന്നുവെങ്കിൽ ഇഹത്തിലും പരത്തിലും ഇരട്ടി ശിക്ഷ ലഭിക്കുമായിരുന്നു. അതിൽനിന്ന് അല്ലാഹുവിനെ തടയാനോ പ്രവാചകനെ രക്ഷിക്കാനോ ആരുമുണ്ടാവില്ല.

പ്രവാചകൻ معصوم–അപ്രമാദിത്വമുള്ളയാൾ–ആകുന്നു എന്നതിനർഥം അദ്ദേഹത്തിന്റെ മനസ്സിൽ സംഘർഷമോ ചാഞ്ചാട്ടമോ ഉണ്ടാവില്ല എന്നല്ല. عصمة ന്റെ താൽപര്യമിതാണ്: തെറ്റായ സ്വാർഥ താൽപര്യങ്ങളോ അഭിനിവേശങ്ങളോ അദ്ദേഹത്തെ ഒട്ടും സ്വാധീനിക്കുകയില്ല. അദ്ദേഹത്തിന്റെ താൽപര്യം എപ്പോഴും സത്യത്തിലും ധർമത്തിലുമായിരിക്കും. സത്യവും ധർമവുമാണെന്ന് കരുതി സ്വീകരിച്ച ഒരു നടപടി യഥാർഥത്തിൽ ശരിയല്ലാത്തതായി വന്നാൽ അല്ലാഹു അദ്ദേഹത്തെ അതിൽനിന്ന് രക്ഷിക്കുകയും ശരിയായതിലേക്ക് മാർഗദർശനം നൽകുകയും ചെയ്യും.

പ്രവാചകന് ഇരട്ടി ശിക്ഷ താക്കീതു ചെയ്യുന്നത് അദ്ദേഹത്തിന്റെ പദവി പരിഗണിച്ചാണ്. ഒരാളുടെ പദവി എത്ര ഉന്നതമാകുന്നുവോ അത്രകണ്ട് അയാളുടെ ഉത്തരവാദിത്വ ഭാരം വർധിക്കുന്നു. ഉത്തരവാദിത്വത്തിൽ വീഴ്ചവരുത്തിയാൽ അതിന്റെ ശിക്ഷ ദ്വിഗുണീഭവിക്കുന്നു.

ആദർശപരമായ വിഷയങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നതിനെതിരെയുള്ള താക്കീത് ഇന്നും ഏറെ പ്രസക്തമാകുന്നു. ലോകം ഇന്നൊരു ഗ്ലോബൽ വില്ലേജ്–ആഗോള ഗ്രാമമാണ്. എല്ലാ ജനതകളും ഇതര ജനതകളുമായി ബന്ധപ്പെട്ടാണ് കഴിയുന്നത്. ചില രാജ്യങ്ങൾ ബഹുമത രാഷ്ട്രങ്ങളാണ്. എല്ലാ മതസമൂഹങ്ങളോടും സമാധാനപരവും സൗഹാർദപരവുമായ സഹവർത്തിത്വം പാലിക്കാൻ ബാധ്യസ്ഥരാണ് മുസ്‌ലിംകൾ. പക്ഷേ, അത് ആദർശം ബലികഴിച്ചുകൊണ്ടായിക്കൂടാ. ആദർശ താൽപര്യങ്ങൾക്ക് ഹാനികരമാവാത്തോളമേ മറ്റുള്ളവരുടെ സംസ്കാരം പങ്കുവെക്കാവൂ. മുസ്‌ലിംകൾ അവരുടെ ഖുർആനിൽ ചില മാറ്റങ്ങൾ വരുത്തണമെന്ന്, ഖുർആനിൽനിന്ന് ചില സൂക്തങ്ങൾ നീക്കം ചെയ്യണമെന്ന് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന ചില ജനവിഭാഗങ്ങളുണ്ട്. വിഗ്രഹാരാധകർക്കിടയിൽ ജീവിക്കുന്ന മുസ്‌ലിംകൾ വിഗ്രഹാരാധനയിൽ നിന്നും അതിന്റെ സംസ്കാരത്തിൽനിന്നും പൂർണമായി വിട്ടുനിൽക്കുന്നത് ശരിയല്ലെന്ന് വാദിക്കുന്നവരുമുണ്ട്. പള്ളിയിൽ നമസ്കരിക്കാൻ പോകുന്നതുപോലെ വല്ലപ്പോഴുമൊക്കെ ക്ഷേത്രത്തിൽ തൊഴാൻ പോവുകയും വേണം. മക്കയിൽ തീർഥാടനം ചെയ്യുന്നതുപോലെ ശബരിമലയിലും പോകണം. സംസം പോലെ വിശുദ്ധമായി, ഗംഗാ ജലത്തെയും കാണണം... ഇങ്ങനെ ചിന്തിക്കുന്ന ചിലർ മുസ്‌ലിംകളിലുമുണ്ട്. ഇങ്ങനെ ദേശീയ സംസ്കാരത്തിൽ ഇഴുകിച്ചേർന്നാൽ മതമൈത്രിയും സൗഹാർദപരമായ സഹവർത്തിത്വവും എളുപ്പമാകും, ദേശീയോദ്ഗ്രഥനം യാഥാർഥ്യമാകും എന്നൊക്കെ ഉദ്ബോധിപ്പിക്കപ്പെടുന്നു. അത്തരം ആവശ്യങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതിനെതിരെയാണ് ഈ സൂക്തം രൂക്ഷമായി താക്കീതു ചെയ്യുന്നത്.

**76, 77.** അപവാദ പ്രചരണങ്ങളും പ്രീണനങ്ങളും പ്രലോഭനങ്ങളുമെല്ലാം ഫലിക്കാതാകുമ്പോൾ, മർദനങ്ങളിലൂടെയും ഭീഷണികളിലൂടെയും പ്രവാചകനെ നാട്ടിൽ നിന്ന് ഓടിക്കാൻ ശ്രമം നടത്തുന്നതിനെക്കുറിച്ചാണ് ഈ സൂക്തങ്ങൾ പറയുന്നത്. استفزاز ൽ നിന്നുള്ള ഭാവികാലക്രിയാ വചനമാണ് يستفزون. 64–ാം സൂക്തത്തിനു താഴെ استفزاز ന്റെ അർഥം വ്യക്തമാക്കിയിരിക്കുന്നു. ബഹിഷ്കരണത്തിലൂടെയും പീഡനത്തിലൂടെയും ഭീഷണിയിലൂടെയും നാട്ടിൽ വേരില്ലാത്തവനാക്കുകയാണ് ഈ സന്ദർഭത്തിൽ അതിന്റെ ആശയം. പ്രവാചകൻ നാടുവിട്ടു പോയാൽ പ്രശ്നമവസാനിച്ചുവെന്നും ഇനി തങ്ങൾക്ക് സുഖമായി വാഴാമെന്നും ഖുറൈശികൾ മോഹിക്കുന്നു. അതൊരു വ്യാമോഹം മാത്രമാണ്. പ്രവാചകൻ സ്ഥലം വിടേണ്ടിവന്നാൽ പിന്നെ അവർ, ഏറെക്കാലമൊന്നും അവിടെ വാഴുകയില്ല. ഒന്നുകിൽ അല്ലാഹു നേരിട്ടുതന്നെ അവരെ നശിപ്പിക്കും. അല്ലെങ്കിൽ സത്യവിശ്വാസവും വിശ്വാസികളും അവരെ കീഴടക്കും. അതാണ് പൂർവ പ്രവാചകന്മാരുടെയെല്ലാം ചരിത്രത്തിൽ അല്ലാഹു തുടർന്നുവന്നിട്ടുള്ള സുന്നഃ–നടപടിക്രമം. ഇവിടെ سُنَّةَ അനുക്തമായ ഒരു ക്രിയയുടെ കർമമാണ്. اذكر–നീ ഓർക്കുക–എന്നാണാക്രിയ. ചരിത്രം പരിശോധിച്ചാൽ, പ്രവാചകനെ ആട്ടിയോടിച്ച ഒരു ജനതക്കും പിന്നെ അവരുടെ നാട്ടിൽ ഏറെക്കാലം വാഴാൻ കഴിഞ്ഞിട്ടില്ല എന്ന ദൈവിക നിയമക്രമത്തിന് എവിടെയും മാറ്റം വന്നതായി കാണാൻ കഴിയില്ല.

പ്രവാചക നിയോഗത്തിലൂടെ അല്ലാഹു ഒരു ജനതയോടുള്ള അവന്റെ ന്യായം പൂർത്തിയാക്കുകയാണ്. അദ്ദേഹം അവരിൽ ധർമപ്രബോധനം നടത്തുന്നതോടൊപ്പം അവരുടെ പാപങ്ങൾ പൊറുക്കാനും അവരോട് കരുണകാട്ടാനും അല്ലാഹുവിനോടു പ്രാർഥിച്ചുകൊണ്ടിരിക്കും. ഇതിനാൽ പ്രവാചകന്റെ സാന്നിധ്യം അവർക്കൊരു രക്ഷാകവചമാകുന്നു. പക്ഷേ, പ്രവാചകൻ നാടുവിടാൻ നിർബന്ധിതനായാൽ ആ രക്ഷാകവചം ഊരിപ്പോയി. അല്ലാഹുവിന്റെ ന്യായപൂർത്തീകരണം സമാപിക്കുകയും ചെയ്തു. അനന്തരം ആ ജനത പ്രകൃതിവിപത്തുകളാൽ ഉന്മൂലനം ചെയ്യപ്പെടുകയോ എതിരാളികളാൽ കീഴടക്കപ്പെടുകയോ ചെയ്യുന്നു. മക്കാവാസികളുടെ കാര്യത്തിൽ

സംഭവിച്ചത് രണ്ടാമതു പറഞ്ഞതാണ്.

**78.** മുൻ സൂക്തങ്ങളിൽ ആദർശത്തിൽ വിട്ടുവീഴ്ച പാടില്ലെന്നും ആദർശത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതിന്റെ അനന്തര ഫലം ഗുരുതരമായിരിക്കുമെന്നും ഉണർത്തിയ ശേഷം, പ്രകോപനങ്ങൾക്കും പ്രലോഭനങ്ങൾക്കും പീഡനങ്ങൾക്കും മുമ്പിൽ ഉറച്ചുനിൽക്കാനുള്ള ഊർജത്തിന്റെ സ്രോതസ് ചൂണ്ടിക്കാണിക്കുകയാണീ സൂക്തം. സ്ഥൈര്യത്തിന് ഊർജം ലഭിക്കുക മുഖ്യമായും നമസ്കാരത്തിലൂടെ ആർജിക്കുന്ന ദൈവസാമീപ്യത്തിൽ നിന്നാണ്. ഇക്കാര്യം നേരത്തെ *സൂറഃ അൽ ബഖറ*യിൽ وَٱسْتَعِينُواْ بِٱلصَّبْرِ وَٱلصَّلَوٰةِ (സഹനം കൊണ്ടും നമസ്കാരം കൊണ്ടും ദൈവിക സഹായം തേടുവിൻ-2:45, 153) എന്ന് രണ്ടിടത്ത് പ്രസ്താവിച്ചിട്ടുണ്ട്. ഈ സൂറഃയുടെ പ്രഥമ സൂക്തത്തിൽ പരാമർശിച്ച ഇസ്റാഅ്-മിഅ്റാജ് സംഭവത്തിലാണ് നിർബന്ധ നമസ്കാരം അഞ്ചായി നിജപ്പെടുത്തിയതെന്ന് പ്രബലമായ ഹദീസുകൾ പറയുന്നു. ഇസ്റാഅ് വേളയിൽ നിജപ്പെടുത്തിയ നമസ്കാരങ്ങളുടെ സമയങ്ങൾ സൂചിപ്പിക്കുന്നുണ്ട് ഈ സൂക്തം. നമസ്കാര സമയങ്ങളുടെ ഖുർആനിക സൂചനകൾ *ഖുർആൻ ബോധനം* നേരത്തെ *സൂറഃ ഹൂദ്* 114-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിരിക്കുന്നു.

നിലനിർത്തി, നിർവഹിച്ചു, മുറപ്രകാരം അനുഷ്ഠിച്ചു, കൈകാര്യം ചെയ്തു എന്നെല്ലാം അർഥമുള്ള اقام യുടെ ശാസനാരൂപമാണ് أَقِمِ. ഈ പദം ٱلصَّلَوٰةَ മായി ചേരുമ്പോൾ അതിന്റെ എല്ലാ അർഥങ്ങളും ഉദ്ದിഷ്ടമാകുന്നു. ഉരക്കൽ, ഉഴിച്ചിൽ, തെറ്റൽ, അവരോഹണം എന്നൊക്കെയാണ് دُلُوكِ ന്റെ ഭാഷാർഥം. സൂര്യൻ മധ്യാഹ്നത്തിൽനിന്ന് അസ്തമയ ദിശയിലേക്ക് അവരോഹണം ചെയ്യൽ എന്ന് പ്രയോഗാർഥം. അസ്തമിക്കുന്നതിനും ഉച്ചതിരിയുന്നതിനും دُلُوكِ ٱلشَّمْسِ എന്നുപറയും. പ്രകൃത സന്ദർഭത്തിൽ ഈ വാക്കിനെ രണ്ടർഥത്തിലും പണ്ഡിതന്മാർ സ്വീകരിച്ചിട്ടുണ്ട്. അധികമാളുകളും സ്വീകരിച്ചിട്ടുള്ളത് സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റുക എന്ന അർഥമാണ്. സൂര്യാസ്തമനം എന്ന അർഥത്തിലെടുക്കുമ്പോൾ മഗ്രിബ് നമസ്കാരം മാത്രമാണ് അതിന്റെ വിവക്ഷയിൽ പെടുക. രണ്ടാമത്തെ അർഥത്തിലെടുക്കുമ്പോൾ ളുഹ്ർ, അസ്വ്ർ, മഗ്രിബ് എന്നീ മൂന്നു നമസ്കാര സമയങ്ങളും വിവക്ഷിതമാകുന്നു. لِدُلُوكِ എന്നതിലെ ل ശബ്ദം കാരണസൂചകമല്ല, സ്ഥാനസൂചകം (ظرفي) ആകുന്നു. സൂര്യൻ പടിഞ്ഞാട്ടു തെറ്റുന്നതിനുവേണ്ടി എന്നല്ല, ആ സമയങ്ങളിൽ എന്നാണുദ്ദേശ്യം. സൂര്യൻ ആകാശത്തിന്റെ നെറുകയിൽ നിന്നു തെറ്റുമ്പോൾ ളുഹ്ർ സമയം. മധ്യാഹ്നത്തിൽനിന്ന് അസ്തമയത്തിലേക്കുള്ള പകുതി ദൂരം പിന്നിടുമ്പോൾ അസ്വ്ർ, അസ്തമിക്കുമ്പോൾ മഗ്രിബ്. ചക്രവാളത്തിൽനിന്ന് അസ്തമയ ശോഭ പൂർണമായി മാഞ്ഞുപോവുകയും ഇരുട്ടുമൂടുകയും ചെയ്യുന്ന, രാത്രിയുടെ ആദ്യ യാമമാണ് غَسَقِ ٱلَّيْلِ. ഇശാഅ് നമസ്കാരത്തിന്റെ സമയമാണത്. പുലർകാല ഖുർആൻ പാരായണം- قُرْءَانَ ٱلْفَجْرِ -കൊണ്ട് വിവക്ഷ സ്വുബ്ഹ് നമസ്കാരമാണ്. ഇതിനെ أَقِمِ (പതിവാക്കുക) ന്റെ കർമമായിട്ടാണ് പൊതുവിൽ ഗണിക്കപ്പെടുന്നത്. അതനുസരിച്ചാണ് പുലർകാല ഖുർആൻ പാരായണവും പതിവാക്കുക എന്ന് തർജമ ചെയ്തത്. ചില വ്യാഖ്യാതാക്കൾ അതിനെ അനുക്തമായ أخصّ (ഞാൻ പ്രത്യേകമാക്കുന്നു) എന്ന ക്രിയയുടെ കർമമായും പരിഗണിച്ചിരിക്കുന്നു. ഇതുപ്രകാരം അർഥം, സ്വുബ്ഹ് നമസ്കാരം പ്രത്യേകം പതിവാക്കണം എന്നാകുന്നു. സന്ദർഭം സാധൂകരിക്കുന്നതാണ് ഈ അർഥവും. صلوة الفجر ന്റെ അർഥം തന്നെയാണ് قُرْءَانَ ٱلْفَجْرِ ന് എങ്കിലും قُرْءَانَ ٱلْفَجْرِ എന്ന പ്രയോഗം സ്വുബ്ഹി നമസ്കാരത്തിൽ ദീർഘമായ ഖുർആൻ പാരായണമുണ്ടാകണമെന്നു കൂടി സൂചിപ്പിക്കുന്നു. പ്രവാചകൻ(സ) അങ്ങനെ ചെയ്യാറുണ്ടായിരുന്നതായും പ്രവാചക ശിഷ്യന്മാരും അവരുടെ ശിഷ്യന്മാരും അത് തുടർന്നുവന്നിരുന്നതായും നിവേദനമുണ്ട്. നമസ്കാരത്തിൽ ദീർഘമായി ഖുർആൻ ഓതുകയോ കേൾക്കുകയോ ചെയ്തവരും അല്ലാത്തവരും രാവിലെ കുറച്ച് ഖുർആൻ ഓതുന്നത് ഉത്തമചര്യയാണ്. قُرْءَانَ ٱلْفَجْرِ എന്ന വാക്ക് അതിനെയും ഉൾക്കൊള്ളുന്നു. പുലർകാല ഖുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നത്-مشهود-ആകുന്നു എന്നുപറഞ്ഞതിനു പല അർഥതലങ്ങളുണ്ട്. പ്രഭാത നമസ്കാരത്തിലെ ഖുർആൻ പാരായണം ഉറക്കെയാണല്ലോ. ആ സന്ദർഭത്തിൽ ചുറ്റുമുള്ള ചരാചരങ്ങളെല്ലാം അതിനു സാക്ഷികളാകുന്നു. ഓതുന്നവരുടെയും കേൾക്കുന്നവരുടെയും-ഇമാമുകളുടെയും മഅ്മൂമുകളുടെയും-മനോമസ്തിഷ്ക്കങ്ങളിൽ അത് കൂടുതൽ ആഴത്തിൽ പതിയുന്നു. കൂടാതെ ആ സന്ദർഭത്തിൽ ആഗതരാകുന്ന മലക്കുകളുടെ അനുഗൃഹീത സാക്ഷ്യവുമുണ്ടായിരിക്കുമെന്ന് ഹദീസുകളിൽ പറയുന്നുണ്ട്. മനുഷ്യന്റെ നല്ലതും ചീത്തയുമായ എല്ലാ കർമങ്ങൾക്കും സാക്ഷികളായി അല്ലാഹു നിശ്ചയിച്ച ചില മലക്കുകളുണ്ടാകും. ഇതു കൂടാതെ പ്രപഞ്ച കാര്യങ്ങൾ മൊത്തം നോക്കാനായി ഒരു സംഘം മലക്കുകളെ പകൽ വേളയിലേക്കും മറ്റൊരു സംഘത്തെ രാത്രി കാലത്തേക്കും നിശ്ചയിച്ചിരിക്കുന്നു. വിശ്വാസികളുടെ സ്വുബ്ഹി നമസ്കാരത്തിന് രാത്രികാല മലക്കുകളും അവരിൽനിന്ന് ചുമതല ഏറ്റെടുക്കാനെത്തുന്ന പകലിന്റെ മലക്കുകളും സാക്ഷികളാകുന്നു.

നമസ്കാരത്തിന്റെ സമയനിർണയം പരിശോധിച്ചാൽ, അല്ലാഹു അതിൽ പ്രപഞ്ചത്തിലെ മഹാപ്രതിഭാസങ്ങളുടെ സുജൂദിന്റെയും റുകൂഇന്റെയും സമയങ്ങൾ പരിഗണിച്ചിട്ടുള്ളതായി മനസിലാക്കാം. സൂര്യൻ രാപ്പകൽ മുഴുസമയത്തും, നിന്നും കുനിഞ്ഞും പ്രണാമം ചെയ്തു കഴിച്ചുകൂട്ടുകയാണെന്ന് സൂചന പ്രകൃതസൂക്തത്തിൽനിന്നു ലഭിക്കുന്നു. സൂര്യൻ പ്രതിഫലിക്കുന്ന ഇതര വസ്തുക്കളും ഇതേ അവസ്ഥയിൽ തന്നെ. وَظِلَٰلُهُم بِٱلْغُدُوِّ وَٱلْءَاصَالِ (അവരുടെ നിഴലുകൾ പ്രഭാതത്തിലും പ്രദോഷത്തിലും അവനെ നമിക്കുന്നു-13:15). وَإِن مِّن شَيْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ (അവന്റെ സ്തുതി കീർത്തനം ചെയ്യാതെ യാതൊരു വസ്തുവുമില്ല-17:44) തുടങ്ങിയ വാക്യങ്ങൾ ആ യാഥാർഥ്യമാണ് പ്രകാശിപ്പിക്കുന്നത്. തങ്ങളോട് താദാത്മ്യം പ്രാപിച്ച് തങ്ങളെപ്പോലെ അല്ലാഹുവിനെ നമിച്ചും പ്രണമിച്ചും വാഴണമെന്ന് മനുഷ്യനോടാഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ് പ്രാപഞ്ചിക പ്രതിഭാസങ്ങൾ. പക്ഷേ, മനുഷ്യൻ ചെയ്യുന്നതോ അവരെ യഥാർഥ ദൈവത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന സൃഷ്ടികളിൽ നിസാരമായവയെ നമിക്കുകയും പ്രണമിക്കുകയും, യഥാർഥ ദൈവത്തെ അവഗണിക്കുകയും ധിക്കരിക്കുകയും ചെയ്യുക! ■

## തിരുത്ത്

വാരിക ലക്കം 69/27 ൽ (15-12-'12) ലെ ഖുർആൻ ബോധനത്തിൽ (പേജ് 25) 17/71-ാം സൂക്തത്തിന്റെ അറബി മൂലം.... يَوْمَ نَدْعُواْ كُلَّ أُنَاسٍ എന്നച്ചടിച്ചത് يَوْمَ تَدْعُواْ كُلَّ أُنَاسٍ എന്ന് തിരുത്തി വായിക്കേണ്ടതാണ്. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു. ചൂണ്ടിക്കാണിച്ചുതന്ന വായനക്കാർക്ക് നന്ദി.

പ്ര. പ